പേര്യ വില്ലേജിൽ അനധികൃതമായി മരംമുറിച്ച സംഭവം

61 (334)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പേര്യ വില്ലേജിൽ നിക്ഷിപ്തവനഭൂമി പ്രദേശത്തുനിന്നും അനധികൃതമായി മരം മുറിച്ചുമാറ്റിയതു സംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഇനങ്ങളിൽ ഉൾപ്പെടുന്ന എത്ര ക്യൂബിക് മീറ്റർ തടി വെട്ടിമാറ്റിയിട്ടുണ്ട് എന്നും ഇവയ്ക്ക് എന്ത് വിലവരും എന്നും വ്യക്തമാക്കുമോ;

(സി) മരം മുറിച്ചുമാറ്റിയ കേസ്സിലെ പ്രതികൾ ആരൊക്കെ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും സസ്പെൻന്റ് ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ പേര്യ വില്ലേജിലെ നിക്ഷിപ്ത വനഭൂമിപ്രദേശത്തുനിന്നും അനധികൃതമായി മരം മുറിച്ചുമാറ്റിയതു സംബന്ധിച്ച് വനം വകുപ്പിലെ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, റെയിഞ്ചാഫീസർ, ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ് എന്നിവരെ സർവീസിൽനിന്നും സസ്പെൻ ചെയ്തിട്ടുണ്ട്.

(ബി) അയനി, ചോരപ്പാലി, പുന്ന, വെൻതേക്ക്, വെള്ളനീലി, ഏല, പ്ളാവ്, പൂവകം, കൽപ്പയിൽ, ചേർ, എലഞ്ഞി, വെള്ളപ്പൈൻ, ഞാവൽ, കുളിർമാവ്, മുള്ളൻപാലി, മഹാഗണി, വട്ട എന്നീ ഇനങ്ങളിൽപ്പെടുന്ന 431 മരങ്ങൾ മുറിച്ചതായും ഇവയിൽനിന്നും 1497.091 ക്യൂബിക് മീറ്റർ തടി ലഭ്യമാണെന്നും കണക്കാക്കിയിട്ടുണ്ട്. ഇവയ്ക്ക് 1,20,60,249/- രൂപ വിലയാണ് കണക്കാക്കിയിരിക്കുന്നത്.

(സി) മരംമുറി കേസ്സുമായി ബന്ധപ്പെട്ട പ്രതികൾ താഴെപ്പറയുന്നവരാണ്.

1. ചോലപ്പുറത്ത് അലി
2. സി.കെ. ജനാർദ്ദനൻ
3. കെ.എ. അബ്ദുൾ അസീസ്
4. കെ.എൻ. ശിവദാസൻ

മറ്റുപ്രതികളെക്കുറിച്ച് അന്വേഷണം നടക്കുകയാണ്. ഇവർക്കെതിരെ ഫോറസ്റ്റ് കേസ്സ് രജിസ്റ്റർ ചെയ്ത് റിപ്പോർട്ട് ബന്ധപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതിയിൽ ഉടനെ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് വനം വകുപ്പിൽനിന്നും നോർത്ത് വയനാട് ഡി.എഫ്.ഒ, പേര്യ റെയിഞ്ചാഫീസർ, രണ്ട് സെക്ഷൻ ഫോറസ്റ്റർമാർ, ഏഴ് ഫോറസ്റ്റ് ഗാർഡുമാർ എന്നിവരെ സർവീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) സസ്പെന്റ് ചെയ്യപ്പെട്ടവരുടെ വിശദവിവരം താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1) ശ്രീമതി ശോഭനകുമാരി സുദർശനറാവു ഐ.എഫ്.എസ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വയനാട് നോർത്ത്.

(2) ശ്രീ. പി.കെ. ഉദയകുമാർ, റെയിഞ്ചാഫീസർ, പേര്യ റെയിഞ്ച്.

(3) ശ്രീ. കെ.എം. ഉണ്ണികൃഷ്ണൻ, ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(4) ശ്രീ. പി.വി. പരമശിവൻ, ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(5) ശ്രീ. എം.കെ. പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(6) ശ്രീ. ശശികുമാർ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(7) ശ്രീ. പി.ബി. സുനിൽകുമാർ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(8) ശ്രീ. എ. യേശുദാസൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(9) ശ്രീ. ബിനു മാത്യു, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(10) ശ്രീ. പി.പി. മുരളീധരൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(11) ശ്രീ. എം. ശശിധരൻ, ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

ആനകളുടെ പരിപാലനത്തിന് പദ്ധതി

62 (335) ശ്രീ. തോമസ് ചാണ്ടികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനകളെ വളർത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാപ്പാൻമാർക്ക് വനം വകുപ്പിന്റെ കീഴിൽ പരിശീലന കോഴ്സും ലൈസൻസും നിർബന്ധമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരിശീലനത്തിനുവേണ്ടി തെരഞ്ഞെടുക്കുന്നവർക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമെന്നും പരിശീലനത്തിന്റെ കാലാവധി എത്ര യെന്നും വ്യക്തമാക്കുമോ;

(ഇ) പ്രായമായ ആനകളെ പരിപാലിക്കാൻ വനം വകുപ്പിന്റെ കീഴിൽ ആനഉടമകളുടെ സഹായത്തോടെ ക്ഷേമനിധി രൂപീകരിക്കാൻ പദ്ധതിയുണ്ടോ;

1178/2010.

LIBRARY ARCHIVES Kerala Legislative Assembly